"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-എഞ്ചിനീയറിംഗ് വിഭാഗം-ജീവനക്കാര്യം-ശ്രീമതി.അജിഷ.വി.എ, രണ്ടാംതരം ഓവർസിയർക്ക് ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2966/2022/LSGD　　　　തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:-

1. ശ്രീമതി.അജിഷ.വി.എ. യുടെ 13.10.2021 ലെ അപേക്ഷ.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2021 ലെ ഇ5/5241/2021/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ രണ്ടാംതരം ഓവർസിയർ ആയ ശ്രീമതി.അജിഷ.വി.എ., 22.09.2020 മുതൽ 26.02.2021 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.അജിഷ.വി.എ 26.02.2021 തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി 27/02/2021 ന് സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുള്ളതിനാൽ 26.02.2021 ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകില്ല. ആയതിനാൽ പരാമർശ (2) കത്ത് പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ , ശ്രീമതി.അജിഷ.വി.എ -യ്ക്ക് 22/09/2020 മുതൽ 25/02/2021 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും 26/02/2021 ന് ടി ദിവസം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും, കെ.എസ്.ആർ. ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1 ശ്രീമതി.അജിഷ.വി.എ, രണ്ടാംതരം ഓവർസിയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Subha S
Date: 02-12-2022 11:01:05
സെക്ഷൻ ഓഫീസർ